# പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2045 12/02/2013 - ൽ മറുപടിക്ക്

## ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്തെ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം ; | (എ) സംസ്ഥാനത്തെ 10 ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളുടെ സമഗ്രമായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡോടുകൂടി നടപ്പിലാക്കുന്ന പദ്ധതി പ്രകാരം 40 കോടി രൂപ 2013-14 സാമ്പത്തിക വർഷം വിനിയോഗിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച് താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങളുടെ വികസനം നടപ്പിലാക്കുന്നതാണ്. |

1. ഹോസ്റ്റൽ ബ്ലോക്ക് - 1500 ലക്ഷം രൂപ.
2. കിച്ചൺ ബ്ലോക്ക് - 250 ലക്ഷം രൂപ.
3. അക്കാഡമിക് ബ്ലോക്ക് - 1000 ലക്ഷം രൂപ.
4. ~~ലൈബ്രറി - 60 ലക്ഷം രൂപ.~~
5. വാട്ടർ & സാനിട്ടേഷൻ - 400 ലക്ഷം രൂപ.
6. മാലിന്യ നിർമ്മാർജനം - 50 ലക്ഷം രൂപ.
7. സാനിട്ടറി ലാട്രിൻ - 40 ലക്ഷം രൂപ.
8. പവ്വർ - 280 ലക്ഷം രൂപ.
9. ആഡിറ്റോറിയം, കളിസ്ഥലം, ഹെൽത്ത് & സ്പോർട്സ് - 130 ലക്ഷം രൂപ.

10. സ്റ്റാഫ് ക്വാർട്ടേഴ്സ് - 170 ലക്ഷം രൂപ.

11. കോമ്പൗണ്ട് വാൾ, ഗേറ്റ്, സെക്യൂരിറ്റി റൂം തുടങ്ങിയവ - 150 ലക്ഷം രൂപ.

ആകെ - 4000 ലക്ഷം രൂപ

(ബി) പ്രസ്തുത പദ്ധതികൾ എതെല്ലാം ഏജൻസി/ഡിപ്പാർട്ട്മെന്റ് മുഖേനയാണ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്.

(സി) കൊയിലാണ്ടി റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കൊയിലാണ്ടി സെക്ഷനിൽ നിന്ന് സമർപ്പിക്കപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

(സി) 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി കൊയിലാണ്ടി റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ ഒരു +2 ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള 2 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിരുന്നു. എന്നാൽ 19/10/2011-ലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 13-ാം ധനകാര്യ കമ്മീഷന്റെ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൊയിലാണ്ടി അടക്കം സംസ്ഥാനത്തെ 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ആകെ 40 കോടി രൂപ ചിലവിൽ ടെക്നിക്കൽ സ്കൂളുകൾ നവീകരിക്കുന്നതിന് കേരള തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ